4087

നം.വി.ആർ. 16764/2019/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസഡയറക്ടറുടെ കാര്യാലയം
ജഗതി, തിരുവനന്തപുരം -14
തീയതി 29.05.2019

# സർക്കുലർ

വിഷയം :- പൊതുവിദ്യാഭ്യാസം - വിദ്യാരംഗം കലാസാഹിത്യവേദി 2019-20 അദ്ധ്യയന വർഷത്തെ രൂപവത്കരണത്തെയും പ്രവർത്തനങ്ങളെയും - സംബന്ധിച്ച്.

സൂചന :- വിദ്യാരംഗം കലാസാഹിത്യവേദിയുടെ മാർഗരേഖ

വിദ്യാരംഗം കലാസാഹിത്യവേദിയുടെ മാർഗരേഖ പ്രകാരം സംസ്ഥാനത്തെ എൽ.പി.സ്കൂൾ ഉൾപ്പെടെയുള്ള എല്ലാ സർക്കാർ/എയ്ഡഡ്/അംഗീകൃത സ്കൂളുകളിലും വിദ്യാരംഗം കലാസാഹിത്യ വേദിയുടെ യൂണിറ്റുകൾ രൂപവൽക്കരിക്കേണ്ടതും 2019 ജൂൺ മാസം തന്നെ പ്രവർത്തനങ്ങൾ ആരംഭി ക്കേണ്ടതുമാണ്. മാർഗരേഖ പ്രകാരം എല്ലാ സ്കൂളുകളിലും കലാസാഹിത്യവേദിയുടെ യൂണിറ്റുകൾ രൂപവൽക്കരിക്കേണ്ടതാണ്. യൂണിറ്റുകൾ രൂപവൽക്കരിച്ച് പ്രവർത്തനങ്ങൾ കൃത്യമായി നടത്തുന്നു ണ്ടോ എന്ന് ബന്ധപ്പെട്ട പ്രധാനാദ്ധ്യാപകരും വിദ്യാഭ്യാസ ഓഫീസർമാരും പ്രത്യേകം ശ്രദ്ധിക്കേ ണ്ടതാണ്. താഴെ ചേർത്തവിധം 2019-20 വർഷത്തേക്കുള്ള പ്രവർത്തനങ്ങൾ രൂപീകരിക്കേണ്ടതാണ്.

2019 ജൂൺ 3 നകം - ആദ്യ എസ്.ആർ.ജി. യോഗത്തിൽത്തന്നെ വിദ്യാരംഗത്തിന്റെ സ്കൂൾതല കോ-ഓർഡിനേറ്റർമാരെ തിരഞ്ഞെടുക്കൽ

2019 ജൂൺ 15 നകം - അഭിരുചി മേഖലകൾ കണ്ടെത്താനായി മാർഗരേഖയിലെ 'പൂക്കളെത്തേടി' എന്ന പ്രവർത്തനം സ്കൂളിലാകെ നടത്തുകയും വിദ്യാർത്ഥികളെ കഥ, കവിത, ചിത്രം, അഭിനയം, നാടൻപാട്ട്, കാവ്യാലാപനം പുസ്തകാസ്വാ ദനം എന്നിങ്ങനെ കൂട്ടങ്ങളാക്കുകയും ചെയ്യുക. ഓരോ കൂട്ടത്തിനും കുട്ടികളിൽനിന്ന് ഒരു കൺവീനറെ തിരഞ്ഞെടുക്കേണ്ടതാണ്. ഇതിനു പുറമെ കഥ, കവിത, ചിത്രം, ആസ്വാദനം എന്നീ കൂട്ടങ്ങൾക്ക് 'അക്ഷ രസംഘം' എന്ന പേരിട്ട് ഒരധ്യാപകനും അഭിനയം, കാവ്യാലാപനം, നാടൻപാട്ട് എന്നിവയ്ക്ക് 'അവതരണസംഘം' എന്നുപേരിട്ട് മറ്റൊരധ്യാ പകനും ചുമതല നൽകേണ്ടതാണ്.

2019 ജൂൺ 19-25 - വായനാവാരം

ധാരാളം പുസ്തകങ്ങൾ വായിക്കാൻ കുട്ടികൾക്ക് അവസരം ലഭ്യമാ ക്കണം. ക്ലാസ് ലൈബ്രറികൾ സജ്ജീകരിക്കണം. ലൈബ്രറി പുസ്തക ങ്ങൾ കുട്ടികൾക്ക് അനായാസം ലഭിക്കുന്നു എന്നുറപ്പാക്കുകയും സംവാ ദങ്ങളും സെമിനാറുകളും സംഘടിപ്പിക്കുകയും വേണം. അമ്മവായന, അസംബ്ലിയിൽ പുസ്തകറിവ്യൂ നടത്തൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്താവുന്നതാണ്.

2019 ജൂലൈ 25 നകം - സ്കൂൾതല സർഗോത്സവം

കഥ, കവിത, ചിത്രം, അഭിനയം, നാടൻപാട്ട്, കാവ്യാലാപനം, പുസ്തകാസ്വാ ദനം എന്നീ കൂട്ടങ്ങളിൽനിന്ന് വിവിധപരിപാടികൾ അവതരിപ്പിച്ചുകൊണ്ട് വിദ്യാരംഗം കലാസാഹിത്യവേദിയുടെ സ്കൂൾതല സർഗോത്സവം ന ടത്തേണ്ടതാണ്. ഓരോ സ്കൂളിൽനിന്നും ഓരോ മേഖലയിലും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന രണ്ടു കുട്ടികളെവീതം ഉപജില്ലാ സർഗോ ത്സവത്തിലേക്ക് തിരഞ്ഞെടുക്കേണ്ടതാണ്.

കലാസാഹിത്യവേദിയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച വിശദാംശങ്ങളടങ്ങിയ മാർഗരേഖ എല്ലാ സ്കൂളുകളിലേക്കും ഉപജില്ലാവിദ്യാഭ്യാസ ഓഫീസുകൾ വഴി ഇ-മെയിലിൽ ലഭ്യമാക്കിയിട്ടുണ്ട്.

കലാസാഹിത്യവേദിയുടെ പ്രവർത്തനത്തിന് രജിസ്ട്രേഷൻ ഫീസിനത്തിൽ സ്കൂളുകളിൽ നിന്നും താഴെപ്പറയുന്ന തുക ഓരോ വിദ്യാലയവും നൽകേണ്ടതാണ്.

എൽ.പി.സ്കൂൾ - ₹100/-
യു.പി.സ്കൂൾ - ₹200/-
ഹൈസ്കൂൾ - ₹300/-

രജിസ്ട്രേഷൻ ഫീസിനത്തിൽ ലഭിക്കുന്ന തുകയുടെ 70 ശതമാനം ഉപജില്ലാതല പ്രവർത്തന ങ്ങൾക്കും 30 ശതമാനം ജില്ലാതല പ്രവർത്തനങ്ങൾക്കുമായി വിനിയോഗിക്കേണ്ടതാണ്. കലാസാ ഹിത്യവേദിയുടെ സംസ്ഥാനതല പ്രവർത്തനങ്ങൾക്കുള്ള വിഹിതം ഈ അദ്ധ്യയനവർഷം അട യ്ക്കേണ്ടതില്ല. തങ്ങളുടെ പരിധിയിലുള്ള എല്ലാ സ്കൂളുകളും രജിസ്ട്രേഷൻ തുക അടച്ചിട്ടുണ്ട് എന്ന് ബന്ധപ്പെട്ട ഉപജില്ല/ജില്ലാ ഓഫീസർമാർ പരിശോധിക്കേണ്ടതും ഉറപ്പുവരുത്തേണ്ടതുമാണ്.

വിദ്യാരംഗം മാസികയുടെ വരിസംഖ്യ എല്ലാ സ്കൂളുകളിൽ നിന്നും വിദ്യാഭ്യാസ ഓഫീസർമാർ യഥാസമയം കുടിശ്ശിക ഉൾപ്പെടെ സമാഹരിച്ച് 2019 ജൂലൈ 10 നു മുമ്പ് ട്രഷറിയിൽ അടയ്ക്കേണ്ട തും (Head of Account 0202-01-102-95 Text Book Receipts) ചെലാൻ രസീതിന്റെ സാക്ഷ്യപ്പെടു ത്തിയ പകർപ്പും മാസിക ലഭിക്കേണ്ടവരുടെ പിൻകോഡ് സഹിതമുള്ള മേൽവിലാസവും എഡിറ്ററുടെ പേരിൽ അയച്ചുതരേണ്ടതാണ്. വിദ്യാരംഗം മാസികയുടെ വാർഷിക വരിസംഖ്യ 150/- രൂപയാണ്.

പൊതുവിദ്യാഭ്യാസഡയറക്ടർ

# അപേക്ഷാഫോറത്തിന്റെ മാതൃക

# വിദ്യാരംഗം കലാസാഹിത്യവേദി
# അധ്യാപക കലാസാഹിത്യമത്സരം 2019

1. രജിസ്റ്റർ നമ്പർ (ഓഫീസ് ഉപയോഗം) :
2. ഇനം : **കഥ / കവിത / തിരക്കഥ / ഏകാങ്കനാടകം / ചിത്രരചന**
3. അധ്യാപകന്റെ/അധ്യാപികയുടെ പേരും മേൽവിലാസവും (സ്കൂൾ) :
4. അധ്യാപകന്റെ ഫോൺ നമ്പർ :
5. വീട്ടുമേൽവിലാസം (ജില്ലയും പിൻകോഡും സഹിതം)
6. സൃഷ്ടിയുടെ പേര് :
7. അധ്യാപകന്റെ ഇ-മെയിൽ :
8. അധ്യാപകന്റെ ഒപ്പ് :

## പ്രഥമാധ്യാപകന്റെ സർട്ടിഫിക്കറ്റ്

ശ്രീ./ശ്രീമതി.............................................................................................. ഈ വിദ്യാലയത്തിൽ.......................................... വിഭാഗത്തിൽ ജോലി നോക്കുന്നു. വിദ്യാരംഗം അധ്യാപക കലാസാഹിത്യ മൽസരത്തിനയയ്ക്കുന്ന ഈ സൃഷ്ടി പ്രസ്തുത അധ്യാപകൻ സ്വന്തമായി രചിച്ചതാണെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം :

തീയതി :

പ്രഥമാധ്യാപകന്റെ ഒപ്പ്

സ്കൂൾ സീൽ

---

**അപേക്ഷാഫോറത്തിന്റെ ഫോട്ടോകോപ്പിയിലോ ടൈപ്പ് ചെയ്തെടുത്ത കോപ്പിയിലോ വേണം പൂരിപ്പിച്ച് അയയ്ക്കേണ്ടത്.**